കേരള സർക്കാർ

തദ്ദേശസ്വയം ഭരണ (എസി) വകുപ്പ്,

തിരുവനന്തപുരം.

**സർക്കുലർ -I നം.22512/എസി2/11/തസ്വഭവ തീയതി: 21/08/2014**

വിഷയം:- തസ്വഭവ- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ടിലെ 6-ാം ഖണ്ഡികയിലെ നിർദ്ദേശം- മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് നൽകുന്ന നിരക്കിൽ നിന്ന് ഒരു ലീഡും ലിഫ്റ്റും കുറയ്ക്കുന്നത് - നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ട്- ഖണ്ഡിക 6-ലെ സമിതി ശുപാർശ.
2) 16.9.2011 ലെ പൊതുമരാമത്ത് വകുപ്പിന്റെ 14260/PS1/11/PWD നമ്പർ അനൗദ്യോഗിക കുറിപ്പ്
3) ധനകാര്യ (ഡെവ.വിംഗ്) വകുപ്പിന്റെ 4/7/2012 ലെ 40338/Dev3/12/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.
4) തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 2/7/2014 ലെ ഡിബി1/2892/12/സി.ഇ/തസ്വഭവ. നമ്പർ കത്ത്.

മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് നിരക്കു കണക്കാക്കുമ്പോൾ ഇനിഷ്യൽ ലീഡും ലിഫ്റ്റും ഒഴിവാക്കേണ്ടതാണെന്ന 1986-ലും 2004-ലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സർക്കുലറിലേയും പ്രസ്തുത പ്രവൃത്തിക്ക് കുറക്കേണ്ടതില്ലെന്ന പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.01.2005 ലെ സർക്കുലറിലെയും പൊരുത്തക്കേടുകൾ ഒഴിവാക്കി കുറ്റമറ്റ രീതിയിലുള്ള സർക്കുലർ പുറപ്പെടുവിക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 6 -ലെ ശുപാർശയിൽ സമിതി നിർദ്ദേശിക്കുകയുണ്ടായി.

മണ്ണിട്ടു നികത്തേണ്ട ജോലിക്ക് ലീഡും ലിഫ്റ്റും കുറവ് ചെയ്യേണ്ടതില്ലെന്ന പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 06.01.2005 ലെ സർക്കുലറിലെ നിർദ്ദേശമാണ് ഉചിതമെന്ന് സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (PWD) 06.01.2005 ലെ സർക്കുലർ നിർദ്ദേശം പിൻതുടരാവുന്നതാണെന്നും ഈ വിഷയത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സർക്കുലറിലെ നിർദ്ദേശം പിൻവലിച്ചിരിക്കുന്നതായി സൂചന (3) പ്രകാരം ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മണ്ണ് ഫിൽ ചെയ്യുന്ന നിരക്കിൽ നിന്ന് ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന 06/01/2005-ൽ ചീഫ് എഞ്ചിനീയർ (പി.ഡബ്ല്യൂ.ഡി അഡ്മിനിസ്ട്രേഷൻ) പുറപ്പെടുവിച്ച സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പിനും ബാധകമാക്കണമെന്നും തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ സൂചന (4) പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് നിരക്ക് കണക്കാക്കുമ്പോൾ പ്രവൃത്തിക്ക് നൽകുന്ന നിരക്കിൽ നിന്ന് ഒരു ലീഡും ലിഫ്റ്റും കുറക്കേണ്ടതില്ല എന്ന ചീഫ് എഞ്ചിനീയറുടെ (പി.ഡബ്ല്യൂ.ഡി അഡ്മിനിസ്ട്രേഷൻ) 06/01/2005 ലെ 2/2005-ാം നമ്പർ സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പിനും(മുൻകാല പ്രാബല്യത്തോടെ) ബാധകമാക്കി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1.ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. 14 ജില്ലാ പഞ്ചായത്തുകൾക്കും
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. തദ്ദേശ സ്വയം ഭരണ (എബി, എസി3) വകുപ്പ്
7. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
8. ഐ.കെ.എം. പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
10. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.